കളുടെ ഉപരിതലം കൂടുതൽ ഈടുള്ളതാക്കി മാറ്റുന്നതിനുള്ള പ്രവൃത്തികൾ നടന്നുവരുന്നുണ്ട്. നിലവിലുള്ള റോഡിന്റെ ഗതാഗത സാന്ദ്രതയും അടിമണ്ണിന്റെ ഗുണനിലവാരവും പരിശോധിച്ചശേഷം ദീർഘകാല ആവശ്യം കണക്കിലെടുത്ത് റോഡു ഘടന ഡിസൈൻ ചെയ്തശേഷമാണ് ദേശീയപാതകൾ പുതുക്കിപ്പണിയുന്നത്.

119 (1337) ഇടപ്പള്ളിയിലേക്കുള്ള അപ്രോച്ച് റോഡ് നിർമ്മാണം

ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരാപ്പുഴ പാലത്തിന്റെ നിർമ്മാണം അവസാനഘട്ടത്തിൽ എത്തിയിട്ടും ഇടപ്പള്ളിയിലേക്കുള്ള അപ്രോച്ച് റോഡിന്റെ നിർമ്മാണത്തിന് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അപ്രോച്ച് റോഡിന് ഭൂമി ഏറ്റെടുക്കുന്നതിന് കേന്ദ്ര ഗവൺമെന്റിൽനിന്നും അനുമതി ലഭിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഇക്കാര്യം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ;

(ഡി) ഇക്കാര്യത്തിൽ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) എൻ.എച്ച്. 17-ൽ വരാപ്പുഴ മുതൽ ഇടപ്പള്ളിവരെയുള്ള റോഡിന്റെ നിർമ്മാണത്തിനുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിന് 7.29 കോടി രൂപയയുടെ എസ്റ്റിമേറ്റ് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്.

(ഡി) എൻ.എച്ച്. 17-ൽ ചെറിയപ്പള്ളി മുതൽ വരാപ്പുഴ വരെയും വരാപ്പുഴ മുതൽ ഇടപ്പള്ളി വരെയുമുള്ള റോഡുനിർമ്മാണത്തിന് ഭൂമി എടുക്കുന്നതിനുള്ള എസ്റ്റിമേറ്റ് 27.11.97-ൽ കേന്ദ്ര ഉപരിതല ഗതാഗതവകുപ്പിന് അയച്ചു. പദ്ധതിവിഹിതത്തിന്റെ അഭാവത്തിൽ എസ്റ്റിമേറ്റ് അനുമതിയില്ലാതെ 31.3.98-ൽ തരിച്ചയച്ചു. ജോലിയുടെ ആവശ്യകത സൂചിപ്പിച്ചുകൊണ്ട് 12.11.98-ൽ എസ്റ്റിമേറ്റ് വീണ്ടും കേന്ദ്രത്തിന് സമർപ്പിച്ചു. 22.5.99-ലും 23.7.99-ലും എസ്റ്റിമേറ്റ് അനുമതി ലഭിക്കുന്നതിന് ഓർമ്മക്കുറിപ്പുകൾ അയച്ചിട്ടുണ്ട്.

120 (1339) നാലുവരി റോഡിന് ഭൂമി ഏറ്റെടുക്കൽ നടപടി

ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാലുവരി റോഡ് ആലുവയിൽനിന്നും അങ്കമാലി വരെ നീട്ടുന്നതിനുള്ള ഭൂമി ഏറ്റെടുക്കൽ നടപടി ഏതുഘട്ടംവരെയായി എന്നു വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) നെടുമ്പാശ്ശേരി വിമാനത്താവളത്തിലേയ്ക്കുള്ള സുഗമമായ യാത്രയ്ക്ക് ഏറ്റവും ആവശ്യമായ ഈ പദ്ധതി അടിയന്തിരമായി നടപ്പാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) സ്ഥലമെടുപ്പ് നിർദ്ദേശങ്ങളും ചട്ടങ്ങളും 1.3.99-ൽ കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന് നൽകിയിട്ടുണ്ട്. സ്ഥലമെടുക്കുന്നതിനുള്ള റിക്വസിഷൻ ജില്ലാ കളക്ടർക്ക് നൽകി. നിർദ്ദിഷ്ട ദേശീയ എക്സ്പ്രസ്സ് വേയുടെ ഭാഗമായി ആലുവ മുതൽ അങ്കമാലിവരെയുള്ള 15 കിലോമീറ്റർ നാലുവരിയായി വികസിപ്പിക്കുന്നതിന് ദേശീയ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയെ കേന്ദ്രം ചുമതലപ്പെടുത്തിയിരിക്കുകയാണ്. ഈ പദ്ധതി അടിയന്തിരമായി ഏറ്റെടുത്ത് നടപ്പാക്കാൻ ദേശീയ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയിൽ സമ്മർദ്ദം ചെലുത്തിവരുന്നു.

121 (1340) നെടുമ്പാശ്ശേരി വിമാനത്താവള റോഡിന്റെ റെയിൽവേ മേൽപ്പാലം

ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമ്പാശ്ശേരി വിമാനത്താവള റോഡിലെ റെയിൽവേ മേൽപ്പാലം ടെൻഡർ വിളിച്ചപ്പോൾ ഇപ്പോഴത്തെ കരാറുകാരൻ പൈലിംഗ് ജോലിക്ക് ക്വട്ടേഷൻ നൽകിയിരുന്നത് 3200 രൂപയ്ക്കും വകുപ്പ് നേരിട്ട് നടത്തുന്ന റോഡ്പണിയുടെ കോൺട്രാക്ടർ റെയിൽവേ മേൽപ്പാലത്തിന്റെ പൈലിംഗ് ജോലിക്ക് 3400 രൂപയ്ക്കും ക്വട്ടേഷൻ നൽകിയിരുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ; ഇല്ലെങ്കിൽ ഇതിനെക്കുറിച്ച് അന്വേഷിക്കുമോ;

(ബി) റെയിൽവേ മേൽപ്പാലത്തിന്റെ പൈലിംഗ് ജോലിക്ക് 3,400 രൂപ ക്വട്ടേഷൻ നൽകിയ അതേ കരാറുകാരന് ഡിപ്പാർട്ടുമെന്റ് നേരിട്ട് നടത്തുന്ന ബൈഡക്ടിന്റെ കരാറിൽ പൈലിംഗ് ജോലിക്ക് കൂടുതൽ തുക നൽകിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(സി) കരയിൽ പണിയുന്ന ബൈഡക്ടിന് ഉയർന്ന ശതമാനം നിരക്ക് ഡിപ്പാർട്ടിമെന്റ് അനുവദിച്ചുകൊടുക്കുകയും വെള്ളത്തിൽ പണിയുന്ന കരാർ ജോലികളിൽ ഇതിലും കുറഞ്ഞ നിരക്കിൽ പൈലിംഗ് നടക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) റെയിൽവേ മേൽപ്പാലത്തിന്റെ റയിൽവേ ലൈനിന് മുകളിൽ വരുന്ന ഭാഗം റെയിൽവേ വകുപ്പു നേരിട്ടാണ് ചെയ്യുന്നത്. റെയിൽവേ മേൽപ്പാലം മൊത്തം നിർമ്മാണച്ചെലവ് ഗവൺമെന്റ് നിർദ്ദേശിച്ച 55% കവിയാത്ത വിധത്തിലാണ് വിവിധ ഐറ്റങ്ങൾക്ക് റേറ്റ് നിശ്ചയിച്ചിട്ടുള്ളത്. പൈൽ ഫൗണ്ടേഷൻ നിർമ്മാണത്തിനും വിവിധ തരം സബ്സ്ട്രാറ്റ ആക്കി പല നിരക്കുകളാണ് നിജപ്പെടുത്തിയിട്ടുള്ളത്. കൂടാതെ റെയിൽവേയുടെ നിരക്കും ഡിപ്പാർമെന്റ് നിരക്കും തമ്മിൽ വ്യത്യാസങ്ങളുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly